# അക്കാദമിക

## മാസ്റ്റർ പ്ലാൻ

## 2025-2026

### ജി എം എൽ പി എസ്
### ഉദിരംപൊയിൽ




Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി എം എൽ പി എസ് ഉദിരംപൊയിൽ

മേൽവിലാസം : ഉദിരംപൊയിൽ
പുല്ലങ്കോട് Post
മലപ്പുറം.

സ്കൂൾ കോഡ് : 48539

ഉപജില്ല : വണ്ടൂർ

ജില്ല : മലപ്പുറം

ബി.ആർ.സി : വണ്ടൂർ

ഗ്രാമപഞ്ചായത്ത് : ചോക്കാട്

ബ്ലോക്ക് പഞ്ചായത്ത് : കാളികാവ്

ജില്ലാ പഞ്ചായത്ത് : മലപ്പുറം

നിയമസഭാമണ്ഡലം : വണ്ടൂർ

ലോക്സഭാമണ്ഡലം : വയനാട്

താലൂക്ക് : നിലമ്പൂർ

വില്ലേജ് : ചോക്കാട്

ഇ-മെയിൽ : uthirampoyilgmlps@gmail.com.

സ്കൂൾവിക്കി : Uthirampoyil GLPS

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികാസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലൂടെയുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതികവിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെ
7. ക്ലാസ്തലവായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളി ലളിത ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പ് ആസൂത്രണം ചെയ്യുക.

Scanned with OKEN Scanner

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപ്പര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്രഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനികസൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്ത

## സാമൂഹികാവബോധം

1. ജനാധിപത്യവേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യജീവിതസംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാനഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

Scanned with OKEN Scanner

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മകകഴിവുകൾ കണ്ടെത്തുക, കലാഭിരുചി വളർത്തുക
2. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിനവസരം നൽകുക.
3. ആധുനികസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
4. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിൽ പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉയർന്ന ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാം കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. സ്കൂൾ മാലിന്യമുക്തമാക്കുക.
6. സ്കൂൾ ഹരിതാഭമാക്കുക.

Scanned with OKEN Scanner

# മലയാളം.

## പ്രവർത്തനം 1. എന്റെ പിറന്നാൾ പുസ്തകം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ കുട്ടികളിലെയും ക്ലാസ് ലൈബ്രറിയിലേക്ക് പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 2. വായനാ കോർണർ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കാൻ പ്രത്യേകം വായനാകോർണർ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 3. റീഡേഴ്സ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഭാവാത്മകമായ വായന, മികച്ച വായനാശീലം വളർത്തുക. | ക്ലാസ്റൂം സാധ്യതകളിൽ ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 4.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഓർക്കാം- അഭിമാനിക്കാം. | സാഹിത്യകാരന്മാരുടെ ഓർമ്മ ദിനങ്ങൾ ആചരിക്കൽ. സാഹിത്യകാരന്മാരെ അടുത്തറിയൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, PTA |

## പ്രവർത്തനം 5. ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | പാഠഭാഗങ്ങളിലെ മികച്ച സ്വയം രചനകൾ ഉൾപ്പെടുത്തി മാഗസിൻ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. |

Scanned with OKEN Scanner

## പ്രവർത്തനം 6. എന്റെ വായനാകുറിപ്പുകൾ

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങൾ, വായനക്കാർഡുകൾ എന്നിവയുടെ വായനാകുറിപ്പ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |

## പ്രവർത്തനം 7 സ്കൂൾ ലൈബ്രറി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറിയിൽ നിന്നും മാസത്തിലൊരിക്കൽ പുസ്തകം നൽകിവരൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 8. സർഗ്ഗോത്സവം /ഭാഷോത്സവം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക. | പ്രസംഗം, കഥപറയൽ, നാടകം, കവിതാപാരായണം തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ മികവ് പ്രകടിപ്പിക്കാനുള്ള അവസരം. | മാസത്തിലൊരിക്കൽ | PTA |

## പ്രവർത്തനം 9. രചനോത്സവം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയവ്യക്തതയോടെയും സർഗ്ഗാത്മകതയോടെയും രചനകളിൽ ഏർപ്പെടൽ. | കവിതാരചന, കഥാരചന, വരികൾ പൂർത്തിയാക്കൽ, സംഭാഷണം എഴുതൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ക്ലാസ് പ്രവർത്തനങ്ങളോടു ചേർത്ത് നൽകൽ | ജൂൺ മുതൽ മാർച്ച് വരെ. വർഷത്തിൽ 2 തവണ. | ക്ലാസ് ടീച്ചർ PTA |

Scanned with OKEN Scanner

# ഇംഗ്ലീഷ് .

## പ്രവർത്തനം 1 Reader's theatre.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല |
|---|---|---|---|
| പാഠഭാഗങ്ങൾ ഭാവാത്മകമായി വായിക്കൽ. | ഓരോ യൂണിറ്റിലും സാധ്യമായവ അവതരിപ്പിക്കൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 2 അഭിനയം.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല |
|---|---|---|---|
| ഭാഷാ നൈപുണ്യം വികസിപ്പിക്കൽ, സർഗ്ഗാത്മകത വർദ്ധിപ്പിക്കൽ. | ഓരോ യൂണിറ്റിലെയും സാധ്യമായ ഭാഗങ്ങൾ റോൾ പ്ലേ, നാടകം തുടങ്ങിയവയിലൂടെ അവതരിപ്പിക്കൽ . | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 3. അസംബ്ലി (English)

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | രണ്ടാഴ്ചയിലൊരിക്കൽ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു . | രണ്ടാഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ് |

## പ്രവർത്തനം 4 Reading card workshop.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല . |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക . | അധ്യാപകരുടെ നേതൃത്വത്തിൽ രക്ഷകർത്താക്കളുടെ സഹായത്തോടെ Reading card നിർമ്മാണം. | ജൂലൈ . | SRG |

Scanned with OKEN Scanner

പ്രവർത്തനം 4. English fest.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ~~കുട്ടിക~~ ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ക്ലാസ് തലത്തിൽ ഇംഗ്ലീഷ് ഫെസ്റ്റുകൾ മാസത്തിലൊരിക്കൽ സംഘടിപ്പിക്കുന്നു വർഷത്തിലൊരിക്കൽ സ്കൂൾ തല ഫെസ്റ്റ് | വർഷം മുഴുവൻ | SRG PTA |

## അറബിക്

→ എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾകൊണ്ട് വായിക്കാനും എഴുതാനും ഉള്ള കഴിവ് നേടുക.

→ മിനിമം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക

→ വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

→ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക.

→ ഭാഷാപഠനത്തിൽ IT സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് സൃഷ്ടിക്കുക.

Scanned with OKEN Scanner

# അറബി

പ്രവർത്തനം - I

പേര് : ലോക ഭാഷ - അറബി ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • ഒന്നാം ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക.<br>• മുന്നറിവ് പരിശോധിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | ജൂൺമാസം | അറബി ടീച്ചർ | |

പ്രവർത്തനം - 2

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായ ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | വായനാ മത്സരം<br>വായന കുറിപ്പിടൽ<br>അറബിക് വാർത്ത | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം - 3

പേര് : അറബി രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഒരുക്ക | • പതിപ്പ് നിർമ്മാണം<br>• വായനാ കാർഡ് തയ്യാറാക്കൽ<br>• പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000/- |

Scanned with OKEN Scanner

## പ്രവർത്തനം : 1

### ഗണിത ക്ലബ്ബ് രൂപീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധതരം ഗണിതപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക | ദിനാചരണങ്ങൾ, ഗണിത ക്വിസ്, പസിലുകൾ, തുടങ്ങി ഗണിത താൽപര്യം വർദ്ധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സിലും തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം : 2

### ഗണിതവർക്ക്ഷീറ്റ് ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും മുഴുവൻ കുട്ടികളും അർഹരാകുക. | എല്ലാ ക്ലാസ്സിലേക്കും ഓരോ യൂണിറ്റിനും ആവശ്യമായ വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ മാസത്തിലും ആദ്യ ആഴ്ചയിൽ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം : 3

### ഗണിത മൂലകൾ സജ്ജീകരണം (മഞ്ചാടി സഞ്ചി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം 4

ഗണിത ശിൽപശാല (സി.പി.ടി.എ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ | കുട്ടികൾക്ക് ഗണിതാശയങ്ങൾ ഹത്തിക്കാൻ ആവശ്യമായ പഠനോപകരണ ശിൽപശാല അധ്യാപകർക്കും രക്ഷിതാക്കൾക്കും | ജൂലൈ ഒക്ടോബർ ജനുവരി | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 5

ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | കുട്ടികളുടെ നിലവാരത്തിന് ഉതകുന്ന തരത്തിലുള്ള ഗണിത കളികളിൽ ഏർപ്പെടൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 6

യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം: 7

ഗണിതപാട്ടുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠനം ലളിതവും ആസ്വാദ്യകരവുമാക്കുക | യൂണിറ്റ് ഉള്ളടക്കവുമായി ബന്ധപ്പെട്ട ഗണിതപാട്ടുകൾ ശേഖരണം, അവതരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 8

ഗണിതപതിപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഗണിതചിന്ത, യുക്തിചിന്ത വിശകലന ശേഷി എന്നിവ ആരോഗ്യകരമായി വളർത്തുക. | • ഗണിതപാട്ടുകൾ, കുസൃതി കണക്കുകൾ, കളികൾ, പസിലുകൾ തുടങ്ങിയവ ശേഖരിച്ച് ഗണിത പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ നവംബർ | ഗണിതക്ലബ്ബ് |

പ്രവർത്തനം 9.

ഗണിതകളികൾ (ICT)

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല |
|---|---|---|---|
| ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക. | IT ലാബിന്റെ സഹായത്തോടെ കുട്ടികൾക്ക് Play box ൽ ഉള്ള ഗണിത കളികളും മറ്റും ചെയ്യാൻ അവസരം. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

# പരിസരപഠനം

പ്രവർത്തനം: 1
പേര്: കുട്ടിശാസ്ത്രജ്ഞൻ
ഉപമേഖല: ശാസ്ത്രകൗതുകം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലുള്ള താത്പര്യം വളർത്തൽ | സ്കൂൾ അസംബ്ലിയിൽ ക്ലാസ് തലത്തിൽ ഓരോ പരീക്ഷണങ്ങൾ അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 2
പേര്: ശാസ്ത്രപരീക്ഷണശില്പശാല
ഉപമേഖല: ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണപ്രവർത്തനങ്ങൾക്ക് ഇണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 3
പേര്: എന്റെ പരീക്ഷണക്കുറിപ്പുകൾ
ഉപമേഖല: ശാസ്ത്രഅവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനതാൽപ്പര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക, വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം: 4

പേര്: പരിശീലനകിറ്റ്

ഉപമേഖല: നിരീക്ഷണപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | 3,4 ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര നിരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ചു സൂക്ഷിക്കുന്നതിന് പരിശീലനകിറ്റ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | SRG PTA |

പ്രവർത്തനം: 5

പേര്: പരീക്ഷണോത്സവം

ഉപമേഖല: ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താൽപര്യവും ഉണ്ടാകുന്നതരത്തിലുള്ള ഉത്സാഹവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ചു അർത്ഥമാക്കുന്നതും കുട്ടികൾ അതിൽ പങ്കാളികളാവുന്നതുമാണ്. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG |

Scanned with OKEN Scanner